## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **1908** 12.02.2013-ൽ മറുപടിക്ക്

## സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ട അവശ്യസൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.തിലോത്തമൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |

(എ) സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിൽ പ്രാബല്യത്തിൽ വന്നു എന്നു വ്യക്തമാക്കാമോ ;

(എ) സേവനാവകാശ നിയമം താഴെപ്പറയുന്ന വകുപ്പുകളിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

1 വനം-വന്യജീവി വകുപ്പ്
2 ട്രഷറി വകുപ്പ്
3 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
4 പട്ടികജാതി വികസന വകുപ്പ്, സെക്രട്ടേറിയേറ്റ്
5 പട്ടികജാതി വികസന വകുപ്പിനു കീഴിലെ സ്കൂട്ടിനി കമ്മിറ്റി
6 പട്ടിക ജാതി വികസന വകുപ്പ്
7 പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ
8 എക്സൈസ് വകുപ്പ്
9 ലോട്ടറി വകുപ്പ്
10 രജിസ്ട്രേഷൻ വകുപ്പ്
11 വാണിജ്യ നികുതി വകുപ്പ്
12 സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്.
13 സൈനിക ക്ഷേമ വകുപ്പ്
14 സിവിൽ സപ്ലൈസ് വകുപ്പ്
15 പോലീസ് വകുപ്പ്
16 ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്.

17 വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്.

18 റവന്യൂ വകുപ്പ്

19 കോളേജ് വിദ്യാഭ്യാസ വകുപ്പ്.

(ബി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനു മുന്നോടിയായി സർക്കാർ ചെയ്ത മുന്നൊരുക്കങ്ങൾ വിശദമാക്കുമോ ;

(ബി) കേരള നിയമസഭ പാസ്സാക്കിയ കേരള സംസ്ഥാന സേവനാവകാശ നിയമം-2012, 27.10.2012-ലെ സ.ഉ.(പി.) 55/2012/ഉ.ഭ.പ.വ. പ്രകാരം 01.11.2012 മുതൽ പ്രാബല്യത്തിൽ വന്നു. സ.ഉ.(പി.) 56/12/ഉ.ഭ.പ.വ. തീയതി, 27.10.2012 പ്രകാരം സേവനാവകാശ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പല വകുപ്പുകളും സ്ഥാപനങ്ങളും അവ ലഭ്യമാക്കുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ , ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി മുതലായവ സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുകയും, ടി പ്രൊപ്പോസലുകൾ 27.09.2012, 09.10.2012 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ തിരുത്തലുകൾ/ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. ഇപ്രകാരം ലഭിച്ച പുതുക്കിയ പ്രൊപ്പോസലുകൾ അംഗീകരിക്കുകയും ടി നിയമം 3-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവി ക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമം നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 01.09.2011-ൽ ഒരു പ്രാഥമിക ചർച്ചയും 22.10.2012-ൽ വിശദമായ ഒരു ചർച്ചയും നടത്തിയിട്ടുണ്ട്. കൂടാതെ

21.11.2012-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം, 2012 ഡിസംബർ 10 നുമുമ്പ് പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതിനായി, എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും 23.11.2012-ലെ 21145/ AR12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ 20.12.2012-ലെ സർക്കുലർ നമ്പർ. 14944/AR.12(1)/ 12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/ സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പ് പ്രകാരം അടിയന്തിരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുമുണ്ട്.

(സി) ഏതെല്ലാം സർവ്വീസ് സംഘടനകളുമായി ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയെന്നും ഏതെല്ലാം സർവ്വീസ് സംഘടനകൾ നിർദ്ദേശങ്ങൾ നൽകിയെന്നും പറയാമോ ;

(സി) ഇതു സംബന്ധിച്ച് 22.10.2012-ൽ നടന്ന ചർച്ചയിൽ പങ്കെടുത്ത സംഘടനാ പ്രതിനിധികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

കേരള എൻ.ജി.ഒ. യൂണിയൻ, കേരള എൻ.ജി.ഒ. അസോസിയേഷൻ, ജോയിന്റ് കൗൺസിൽ, എൻ.ജി.ഒ. സംഘ്, കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, കേരള ഗസറ്റഡ് ഓഫീസേഴ്സ് സംഘ്, കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ, പി.എസ്.സി. എംപ്ലോയീസ് അസോസിയേഷൻ, കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ, കേരള റെവന്യൂ ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ, എഫ്.ഡി.ഇ.റ്റി.ഒ ,

സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ എന്നീ സംഘടനകളുടെ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി.

(ഡി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനു മുമ്പ് എല്ലാ വകുപ്പുകളിലും എല്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിനുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതയും ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിന് യാതൊരു വിധ തടസ്സവും ഉണ്ടാക്കില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ നിയമം എപ്രകാരം ഉദ്ദേശിക്കുന്ന പ്രയോജനം ജനങ്ങൾക്ക് ഉണ്ടാക്കുമെന്ന് വെളിപ്പെടുത്താമോ ?

(ഡി) സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നതേയുള്ളു. ടി നിയമം നടപ്പിലാക്കുമ്പോൾ കൂടുതൽ ജോലിഭാരമൊന്നും പുതുതായി ഉണ്ടാകുമെന്നു കരുതുന്നില്ല. ഓരോ വകുപ്പും സ്ഥാപനവും പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ, അവയുടെ സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുമായി ചർച്ച ചെയ്തു ശേഷമാണ് നിശ്ചയിക്കുന്നത്/ നിശ്ചയിച്ചിട്ടുള്ളത്. ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഇപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

അനുബന്ധം [illegible] ലഭ്യമാണ്

സെക്ഷൻ ഓഫീസർ